(ബി) എങ്കിൽ പ്രസ്തുത അപേക്ഷയിൻമേൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(സി) കൽപ്പറ്റ നഗരസഭയുടെ കൈവശമുള്ള സ്ഥലം കെ.എസ്.ബി.സി.ഡി. സി.-യ്ക്ക് കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പിന്നോക്ക വികസന കോർപ്പറേഷൻ ഓഫീസ് നിർമ്മിക്കുന്നതിനാവശ്യമായ സ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച് എതെല്ലാം വ്യവസ്ഥകൾക്ക് വിധേയമായിട്ടാണ് ഭൂമി വിട്ടുകൊടുക്കുന്നത്, വില നൽകണമോ, നഗരസഭ എന്താവശ്യത്തിനായി വച്ചിരുന്ന സ്ഥലമാണ് വിട്ടുനൽകുന്നത് തുടങ്ങിയ കാര്യങ്ങൾ വിശദമായി പരിശോധിച്ച് സമർപ്പിക്കാൻ നഗരസഭാ സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) ഇക്കാര്യത്തിൽ നഗരസഭക്ക് കേരള മുനിസിപ്പൽ ആക്ട് ചട്ടം 215 വസ്തു ആർജ്ജിക്കാനും, കയ്യൊഴിക്കുന്നതിനും, മുനിസിപ്പാലിറ്റിയുടെ അംഗീകാരം ഉപയോഗിച്ച് നിലവിലുള്ള നിയമങ്ങളും ചട്ടങ്ങളും പാലിച്ചുകൊണ്ട് സർക്കാർ അനുമതിയോടുകൂടി മാത്രമേ സ്ഥലം കൈമാറ്റം ചെയ്യുവാൻ കഴിയുകയുള്ളൂ.

പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ചേരിവികസനം

94 (1565) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഗരചേരികളിൽ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെ ചേരിവികസനം നടപ്പാക്കുന്നതിനുള്ള പദ്ധതി രൂപപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ പദ്ധതിയുടെ വിശദവിവരം വെളിപ്പെടുത്തുമോ ;

(സി) ഏതൊക്കെ നഗരസഭകളിലെ ഏതൊക്കെ ചേരികളെയാണ് പദ്ധതിക്കായി തെരഞ്ഞെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്. 2022-ഓടെ എല്ലാവർക്കും ഭവനം എന്ന ലക്ഷ്യത്തോടെ നിലവിൽ വന്ന പ്രധാനമന്ത്രി ആവാസ് യോജന പദ്ധതിയുടെ ഒരു ഘടകമായി പൊതു സ്വകാര്യ പങ്കാളിത്തത്തോടെയുള്ള ചേരി വികസനം ഉൾപ്പെടുത്തിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) 300 പേരോ, 60-70 കുടുംബങ്ങളോ താമസിക്കുന്ന ചേരി പ്രദേശങ്ങളിലാണ് ഈ പദ്ധതി നടപ്പിലാക്കാനുദ്ദേശിക്കുന്നത്. ഇതിനായി സ്വകാര്യ പങ്കാളിയെ മത്സരാടിസ്ഥാനത്തിൽ നഗരസഭ തെരഞ്ഞെടുക്കുകയും, ചേരിയിലെ ഗുണഭോക്താവിനായി നിർമ്മിക്കുന്ന ഒരു ഭവനത്തിന് ഒരു ലക്ഷം രൂപ എന്ന ശരാശരി നിരക്കിൽ സ്വകാര്യ പങ്കാളിക്ക് നൽകുകയും ചെയ്യുന്നു. പദ്ധതി മാർഗ്ഗരേഖയുടെ പ്രസക്ത ഭാഗങ്ങൾ അനുബന്ധം 'എ'-യിൽ* കാണാവുന്നതാണ്.

(സി) പദ്ധതിയുടെ പ്രാരംഭഘട്ടമായതിനാൽ നഗരസഭകൾ നാളിതുവരെ ചേരികൾ നിർദ്ദേശിച്ചിട്ടില്ല.

പുതിയ മുനിസിപ്പാലിറ്റികളിലെ പോസ്റ്റ് ക്രിയേഷൻ

95 (1566) ശ്രീ. കെ. കെ. നാരായണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി രൂപീകരിച്ച മുനിസിപ്പാലിറ്റികളിലെ പോസ്റ്റ് ക്രിയേഷൻ നടപടികൾ പൂർത്തിയായോ;

(ബി) ഇല്ലെങ്കിൽ ഏത് ഘട്ടത്തിലാണ്; നടപടികൾ പൂർത്തീകരിച്ച് എന്നത്തേക്ക് നിയമനം നടത്താൻ സാധിക്കുമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) പ്രാരംഭഘട്ടത്തിലാണ്. പുതുതായി രൂപീകരിച്ച 28 മുനിസിപ്പാലിറ്റികളിൽ ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്നതിന് നഗരകാര്യ ഡയറക്ടർ സമർപ്പിച്ച നിർദ്ദേശം വിവിധ തലങ്ങളിൽ പരിശോധിച്ചുവരുന്നു.

അമൃത് പദ്ധതി

96 (1567) ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ :
ശ്രീ. പി. ബി. അബ്ദുൽ റസാക്ക് :
ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന അമൃത് പദ്ധതിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly